(Pages : 6) **T – 5460**

Reg. No. : .............................

Name : .................................

## Fourth Semester M.A. Degree Examination, July 2024

## Malayalam Language and Literature

## ML 241 : സമകാലികസാഹിത്യം - പദ്യം

## (2019 Admission Onwards)

Time : 3 Hours Max. Marks : 75

I. **രണ്ടു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. (a) 'സ്രഷ്ടാവല്ലവയാൽപക്ഷേ
തണുപ്പാറ്റുന്നതെന്നു ഞാൻ
അറിഞ്ഞദിവസം കാള-
രാവായെന്നുടെ ജീവിതം'
- ഇങ്ങനെ ചിന്തിക്കാൻ കാരണമെന്ത്?

അല്ലെങ്കിൽ

(b) 'നിരത്തിൽ കാക്ക കൊത്തുന്നു
ചത്തപെണ്ണിന്റെ കണ്ണുകൾ
മുലചപ്പിവലിക്കുന്നു
നരവർഗ്ഗനവാതിഥി'
- ഈ കാവ്യചിത്രം വിളംബരം ചെയ്യുന്നതെന്ത്?

P.T.O.

2. (a) 'ഞാൻ വെറുക്കുന്നതെല്ലാം
ഇവിടെ വിജയിക്കുന്നു
എന്റെ പേരു കേട്ടിട്ടില്ലേ
കൃഷിക്കാരൻ'
- വിവക്ഷിതമെന്ത്?

അല്ലെങ്കിൽ

(b) 'ലോകം മുഴുവൻ ഞാനാകിലെങ്ങനെ
യേകാകിയാകുവാൻ ഞാനേകയാകിലും'
- ഭാവം വ്യക്തമാക്കുക.

3. (a) 'നിമിഷമണികൊത്തിക്കൊറിച്ചു ചൊറുക്കോടെ
നിറയും വയറുമായ് ചിറകുരണ്ടും വീശി
പകലിൻ കപോതികപോകവേ വീഴും തൂവൽ
മുകളിൽ തെന്നിമിന്നിത്തിരിഞ്ഞുകളിക്കുന്നു'
- സ്വാരസ്യം വ്യക്തമാക്കുക.

അല്ലെങ്കിൽ

(b) 'ഇരവെന്നുശങ്കിപ്പതു
സത്യത്തിൽ വരാൻ പോകും
പകലിൻ നിഴലാവാം'
എന്ന പ്രത്യാശയ്ക്ക് അടിസ്ഥാനമെന്ത്?

4. (a) 'ഇന്നലെ കാറിലിറങ്ങിപോൽ തക്ഷകൻ
സന്ധ്യയെകുത്തിമലർത്തിയ ചോരക്കറയുമായ്'
തക്ഷക ബിംബത്തിന്റെ പ്രത്യേകതകൾ വിവരിക്കുക.

അല്ലെങ്കിൽ

(b) 'വരിച്ചതോ നാം പുണ്യത്താൽ
പതിച്ചതോ വൻ പാപത്താൽ'
എന്ന ചോദ്യത്തിന്റെ പശ്ചാത്തലമെന്ത്?

5. (a) 'മുണ്ഡനം ചെയ്ത തെരുവുതോറും

തെണ്ടിത്തിരിയുന്നു ഞാനിന്നും'

പ്രതിഫലിക്കുന്ന ജീവിതാവസ്ഥ എന്ത്?

അല്ലെങ്കിൽ

(b) 'വിത്തുകൾ

പൊട്ടിമുളയ്ക്കേണ്ട മണ്ണിലെ

കലപ്പക്കീറിൽ

കണ്ണുനീർ വറ്റുന്നു'

- കാവ്യബിംബം വിശകലനം ചെയ്യുക.

6. (a) 'നോക്കി നോക്കി നിൽക്കെ

നാളെ ഇതുപോലൊരു വാർത്തയാവില്ലേ

എന്റെ വംശവും

എന്ന ചിന്ത

കടന്നു വരുന്നു'

- വിവക്ഷിതമെന്ത്?

അല്ലെങ്കിൽ

(b) 'മുറവിളിക്കൊണ്ടഗാധത്തിലംബരം

പെരുകിടുന്നൂ പെരുങ്കാട്ടിലന്ത്യമാ

മിരുള്, മഞ്ഞ് തിരിച്ചു വിളിക്കുന്ന

പൊരുളു തന്നെയോ ജീവിതം, മൃത്യുവും'

എന്ന കല്പനയ്ക്ക് അടിസ്ഥാനമെന്ത്?

7. (a) 'ബഷീറിന്റെ കഥയിലെ നാരായണി

ആകാശത്തേക്ക് ചുള്ളിക്കമ്പെറിഞ്ഞതുപോലെ

നിങ്ങളെന്തെങ്കിലും അടയാളം കാട്ടണം

ഞാൻ നോക്കിയിരിക്കും'

- ഇതിലൂടെ വിനിമയം ചെയ്യുന്ന സന്ദേഹമെന്ത്?

അല്ലെങ്കിൽ

(b) 'ഇനിയൊരിക്കലും ഇതിലേ വരേണ്ട എന്ന തീരുമാനം

ചിറകുകൊണ്ടും കൊക്കുകൊണ്ടും അവ പ്രഖ്യാപിക്കുമോ

കാത്തിരുന്നു കാണാം' - ഈ ആശങ്കയ്ക്ക് കാരണമെന്ത്?

**(7 × 3 = 21 Marks)**

II. **നാലു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

8. (a) 'ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം' എന്ന കവിതയുടെ സന്ദേശം എന്തെന്ന് ചിന്തിക്കുക.

അല്ലെങ്കിൽ

(b) മഹാഭാരതത്തിലെ ഉത്തങ്കോപാഖ്യാനത്തെ വർത്തമാന ഇന്ത്യയുടെ മൂല്യ സംഘർഷങ്ങളിലേക്ക് അന്വയിച്ചിരിക്കുന്നത് എപ്രകാരം?

9. (a) മലയാള കാവ്യ സങ്കല്പങ്ങളിൽ അയ്യപ്പപ്പണിക്കർ വരുത്തിയ നവീനതകൾ എന്തെല്ലാം? പകലുകൾ രാത്രികൾ മുൻനിർത്തി വിവരിക്കുക.

അല്ലെങ്കിൽ

(b) 'ക്ലാസ്സിക്കൽ രുചിയുടെയും ആധുനികതയുടെയും സംഗമമാണ് ആറ്റൂർക്കവിത' പിതൃഗമനം മുൻനിർത്തി സമർത്ഥിക്കുക.

10. (a) ‘പരീക്ഷ’യിൽ വിപ്ലവത്തെക്കുറിച്ച് കവി പുലർത്തുന്ന ദർശനമെന്ത്?

അല്ലെങ്കിൽ

(b) ശുഭകാമനയുടെ കവിയാണ് വിഷ്ണു നാരായണൻ നമ്പൂതിരി ‘രാവും പകലും’ മുൻനിർത്തി ചർച്ച ചെയ്യുക.

11. (a) ‘ഭ്രാന്തിന്റെയും സ്വപ്നത്തിന്റെയും ഭ്രമചിത്രങ്ങൾ അഗാധമായ മാനുഷികയാഥാർത്ഥ്യങ്ങൾ ധ്വനിപ്പിക്കുന്നു’. അയ്യപ്പന്റെ ‘ചിത്തരോഗാശുപത്രിയിലെ ദിവസങ്ങൾ’ - എന്ന കവിതയെ മുൻനിർത്തി വിശദീകരിക്കുക.

അല്ലെങ്കിൽ

(b) ഭൂമിയുടെ നട്ടെല്ല് എന്ന കവിതയിലെ ആശയവും രചനാശൈലിയും വിശകലനം ചെയ്യുക.

12. (a) ചലച്ചിത്രാസ്വാദനാനുഭവം ഭാവോജ്ജ്വലവും താത്ത്വികവുമായി വിജയലക്ഷ്മി അടയാളപ്പെടുത്തുന്നതെങ്ങനെ?

അല്ലെങ്കിൽ

(b) എസ്. ജോസഫിന്റെ കവിതകളിൽ സുതാര്യത ഒരു സൗന്ദര്യശാസ്ത്രമായി മാറുന്നതെങ്ങനെ ‘കോളേജിന്റെ ചുവരിൽ’ മുൻനിർത്തി സമർത്ഥിക്കുക.

**(5 × 6 = 30 Marks)**

III. **അഞ്ചു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

13. (a) മലയാളത്തിലെ ആധുനികതാ പ്രസ്ഥാനകവിതകളുടെ സൗന്ദര്യശാസ്ത്രവും രാഷ്ട്രീയവും വിശകലനം ചെയ്യുക.

അല്ലെങ്കിൽ

(b) അറുപത്, എഴുപതുകളിലെ സാമൂഹികവും ഭൗതികവും ആത്മീയവുമായ അവസ്ഥകളുടെ കാവ്യാത്മക പ്രതികരണമായിരുന്നു അയ്യപ്പപ്പണിക്കർ, എൻ.എൻ. കക്കാട്, അക്കിത്തം, വിഷ്ണു നാരായണൻ നമ്പൂതിരി എന്നിവരുടെ കവിതകൾ എന്നു പറയാമോ? പഠിക്കാനുള്ള കവിതകൾ മുൻനിർത്തി വിശദീകരിക്കുക.

14. (a) എം. ഗോവിന്ദന്റെ കാവ്യസങ്കല്പം വിശകലനം ചെയ്ത് 'ജ്ഞാനസ്നാനം' എന്ന കവിതയുടെ സവിശേഷതകൾ കണ്ടെത്തുക.

അല്ലെങ്കിൽ

(b) ദേശമംഗലം രാമകൃഷ്ണന്റെ കവിതകളിലെ സാമൂഹികത, ദർശനം, ആഖ്യാനം എന്നിവ ചിതൽവരും കാലത്തെ അവലംബമാക്കി വിശകലനം ചെയ്യുക.

15. (a) ഉത്തരാധുനികകവിത ആധുനികതയിൽ വിച്ഛേദം വരുത്തിയത് എങ്ങനെയെല്ലാം? ഉദാഹരണങ്ങൾ നിരത്തി സമർത്ഥിക്കുക.

അല്ലെങ്കിൽ

(b) വിജയലക്ഷ്മി, അനിതാതമ്പി, വി.എം. ഗിരിജ, സാവിത്രി രാജീവൻ ഇവരുടെ കവിതകളിലെ ഭാവുകത്വ സങ്കല്പങ്ങൾ പഠിക്കാനുള്ള കവിതകളെ മുൻനിർത്തി വിശദീകരിക്കുക.

**($3 \times 8$ = 24 Marks)**

---